# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വെട്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി /1160/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/09/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി /1160/23 തീയ്യതി: 26/09/2023

## തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2023 മുതൽ 23-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 24-07-2023 | 01-08-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-07-2023 | 01-08-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)

ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി.ആർ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മിനിമോൾ.എസ്, ഓഡിറ്റർ
ശ്രീ. സജു.ജി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ.ബി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഷാനികുമാർ.എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രതീഷ് കുമാർ.ടി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രശ്മി.ടി.എസ്. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ഷാഹിം.എം. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-04-2022 | 31-05-2022 |
| ഡോ. ദിവ്യ.എസ്. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-06-2022 | 31-03-2023 |
| ഡോ.ആനന്ദ്.കെ.ജി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി സിനി വിൽസൺ | ഫിഷറീസ് ഓഫീസർ | 01-04-2022 | 15-03-2023 |
| ശ്രീമതി ഷൈലാബീവി.എ. | ഫിഷറീസ് ഓഫീസർ | 16-03-2023 | 31-03-2023 |
| ശ്രീ. അഭിലാഷ്.സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1&2 | 01-04-2022 | 25-09-2022 |
| ശ്രീമതി ആശാറാണി.ടി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1&2 | 26-09-2022 | 31-03-2023 |
| ശ്രീമതി അൻസീറ.ബി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാനികുമാർ.എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി അഷീല.കെ.എം. | എച്ച്.എം. | 01-04-2022 | 31-05-2022 |
| ശ്രീമതി പ്രിയദർശിനി.ബി. | എച്ച്.എം. | 01-06-2022 | 05-07-2022 |
| ശ്രീമതി അനിത.എ. | എച്ച്.എം. | 06-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി നിത്യ കുറുപ്പ് | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 02-01-2023 |
| ശ്രീ. കൃഷ്ണകുമാർ.ടി.ജെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-01-2023 | 31-03-2023 |
| ശ്രീ. സജ്ജാദ്.എസ്.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 09-02-2023 |
| ശ്രീ. സുനിൽകുമാർ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 10-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | രസീത് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി. | 1-1-2 |
| 4 | ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-3 |
| 5 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-4 |
| 6 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | എല്ലാ അക്കൗണ്ടുകളുടെയും വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു | 1-1-7 |
| 9 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല | 1-1-8 |
| 10 | വായ്പ തിരിച്ചടവ് വിവരം വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | പാർട്ട് ബിൽ ആയി നൽകിയ തുക “Capital Work In Progress” ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ച പ്രവൃത്തികൾ ബാധ്യത ശീർഷകത്തിൽ ക്രമീകരിച്ചിട്ടില്ല. | 1-1-11 |
| 13 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് ബാലൻസ് ഷീറ്റിൽ വർഷങ്ങളായി നിലനില്ക്കുന്നു. | 1-4-1 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നു. | 1-6-1 |
| 20 | ക്ഷേമ പദ്ധതികൾ | 1-6 |
| 21 | ക്യാഷ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ | 1-9-1 |
| 24 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | ലൈസൻസ് - അപാകങ്ങൾ | 1-11 |
| 27 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകം | 1-12 |

| | | |
|---|---|---|
| 28 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 29 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 30 | നികുതി വരുമാനം- അവലോകനം | 1-15 |
| 31 | വസ്തു നികുതി - സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം | 1-16 |
| 32 | പകൽ വീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-17 |
| 33 | അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം | 1-18 |
| 34 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്ന് പൂർണമായും ലഭ്യമായില്ല | 1-19 |
| 35 | പത്താം തരം, പ്ലസ് വൺ തുല്യതാ തുടർ വിദ്യാഭ്യാസം അപാകത | 1-20 |
| 36 | എഫ്.എച്ച്.സി.യ്ക്ക് റീ- ഏജന്റുകൾ പൂർണമായും ലഭ്യമായിട്ടില്ല | 1-21 |
| 37 | പട്ടികജാതി വനിതകൾക്ക് വാട്ടർ ടാങ്ക് - സർക്കാർ ജീവനക്കാരിയയായ ഗുണഭോക്താവിന് ആനുകൂല്യം നൽകി. | 1-22 |
| 38 | ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പ്രവർത്തനങ്ങൾ | 1-23 |
| 39 | കമ്മ്യൂണിറ്റി സോക്പിറ്റ് - സ്ഥല ലഭ്യത ഉറപ്പാക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി. | 1-24 |
| 40 | നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താതെ, പ്രവർത്തനമില്ലാത്ത മഹിളാസമാജത്തിന് ടോയിലറ്റ് നിർമ്മിച്ചു. | 1-25 |
| 41 | ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്. | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023 ലെ 2(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വെട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം. Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. 2023 – 24 സാമ്പത്തിക വർഷം മുതൽ വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ( ഓഡിറ്റ് അന്വേഷണ ക്കുറിപ്പ് നമ്പർ 9/26.07.2023)

## 1-1-2 രസീത് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.

വിളഭാഗം പൊതുമാർക്കറ്റിലെ പൊതു ശൗചാലയം Pay & Use ഇനത്തിൽ ശ്രീമതി സുജനകുമാരി, പണയിൽ വീട് പ്രതിമാസം 200/- രൂപ നിരക്കിൽ 600/- രൂപ (രസീത് നമ്പർ 1220103644 തീയതി 04.01.2023) അടവാക്കിയത് വരവിന്റെ ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം ബാധ്യതാ ഹെഡിലാണ് (Auction Deposit - 340200102) രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുക ബാധ്യതാ ശീർഷകത്തിൽ നിന്നും വരവിന്റെ ശീർഷകത്തിലേയ്ക്ക് ക്രമീകരിക്കുന്നതാണെന്ന് മറുപടി (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 9/26.07.2023) ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-3 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Assetsന്റെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ഹെഡ് കോഡ് | ഇനം |
|---|---|---|
| 1 | 416100102 | Accumulated Depreciation-Roads & Bridges |
| 2 | 416100103 | Accumulated Depreciation-Sewerage & Drainage |
| 3 | 416100104 | Accumulated Depreciation-Waterways |
| 4 | 416100105 | Accumulated Depreciation-Public Lighting |
| 5 | 416100106 | Accumulated Depreciation-plant And Machinery |
| 6 | 416100110 | Accumulated Depreciation-Other Fixed Assets |

വരും വർഷങ്ങളിൽ അപാകം പരിഹരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

## 1-1-4 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

ധനകാര്യകമ്മീഷൻ പെർമോഫൻസ് ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ട് നമ്പർ 12/23 പ്രകാരം 37 മിനി എം.സി.എഫുകൾ നിർമ്മിക്കുന്നതിനായി ചെലവഴിച്ച 709663/- രൂപയുടെ ചെലവിന് തത്തുല്യമായ തുക B-3 ഷെഡ്യൂളിലെ Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. പകരം ഇൻകം & എക്സ്പെൻഡിച്ചർ (I-6 ഷെഡ്യൂൾ ഹെഡ് കോഡ് - 160100109) റവന്യൂചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അടുത്ത സാമ്പത്തിക വർഷം ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ ക്കുറിപ്പ് നമ്പർ 14/30.07.2023).

## 1-1-5 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം CFC Basic Tax Grant – ന്റെ നീക്കിയിരിപ്പ് 2845092/- രൂപയും CFC Tied Fund – ന്റെ നീക്കിയിരിപ്പ് 6638817/- രൂപയുമാണ്( ആകെ - 9483909/- രൂപ). CFC ഗ്രാന്റിനായുള്ള കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിലെ ( നമ്പർ - 40700101038840) നീക്കിയിരിപ്പ് 9454931 /- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം രേഖകൾ സഹിതം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നമ്പർ 14/30.07.2023 )മറുപടിയിൽ വിശദീകരണം ഉൾപ്പെടുത്തിയിട്ടില്ല. വ്യത്യാസം സംബന്ധിച്ച വിശദീകരണം

തെളിവുകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-6 എല്ലാ അക്കൗണ്ടുകളുടെയും വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

31/05/2021 -ലെ സ.ഉ(സാധാ)നം. 1066/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രസിഡന്റ്, അസി. സെക്രട്ടറി എന്നിവരുടെ പേരിൽ വാതിൽപ്പടി സേവനത്തിനായി കേരള ഗ്രാമീൺ ബാങ്കിൽ 27.04.2022 തീയതിയിൽ ആരംഭിച്ച 40700101067163 നമ്പർ സംയുക്ത അക്കൗണ്ടിൽ 23/08/2022 മുതൽ 31/03/2023 വരെ 32907/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ വിശദാംശങ്ങൾ R&P ഷെഡ്യൂളിലും ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടില്ല. ദുരിതാശ്വാസ നിധിയ്ക്കായി വെട്ടൂർ സർവീസ് സഹകരണ ബാങ്കിൽ 27/05/2022 – ൽ പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിൽ ( നമ്പർ - 5256) 5000/- രൂപ തൻവർഷം ലഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെയും വിശദാംശങ്ങൾ R&P ഷെഡ്യൂളിലും ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടില്ല. ഭാവിയിൽ അക്കൗണ്ട് വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 14/30.07.2023).

## 1-1-7 ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു. ( വരവ് 120479783, ചെലവ് 120757600/-). അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-8 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നതെന്നും തുക രേഖപ്പെടുത്താത്തതിനാലാണ് B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടാത്തതെന്നും വിശദീകരിച്ചിട്ടുണ്ട്. സ്റ്റോക്കുകളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-9 വായ്പ തിരിച്ചടവ് വിവരം വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| KURDFC | 9126927 | 12770000 | 2202746 | 19694181 |

വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുക 19978911/- രൂപയാണ്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിന് ശേഷം സുലേഖ സോഫ്റ്റ്‌വെയറിൽ പ്രോജക്ട് നമ്പർ 190/23 ( ജി.ഒ പ്രോജക്ട് - ലൈഫ് ലോൺ തിരിച്ചടവ്)

പ്രകാരം 284730/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയതാണ് വ്യത്യാസത്തിന്റെ കാരണമായി വിശദീകരിച്ചിട്ടുള്ളത്. ഭാവിയിൽ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-1-10 പാർട്ട് ബിൽ ആയി നൽകിയ തുക “Capital Work In Progress” ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി - 11(b) ഷെഡ്യൂൾ പ്രകാരം Capital Work In Progress “0” ആണ്. പ്രോജക്ട് നമ്പർ 133/23 പ്രകാരം ഫിഷർമെൻ കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണത്തിനായി ചെലവഴിച്ച 353884/- രൂപയുടെ പാർട്ട് ബിൽ “Capital Work In Progress” ആയി ഉൾപ്പെടുത്തിയിട്ടില്ല. ഭാവിയിൽ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ വ്യത്യാസം ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-11 വിനിയോഗ സാക്ഷ്യപത്രം ലഭിച്ച പ്രവൃത്തികൾ ബാധ്യത ശീർഷകത്തിൽ ക്രമീകരിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം ഭൂജല വകുപ്പിന് നിക്ഷേപ പ്രവർത്തികൾക്കായി നൽകിയ തുകയിൽ 185000/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. 2021-22 സാമ്പത്തിക വർഷം 70575/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഭൂജലവകുപ്പിൽ നിന്നും ലഭിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക 2021-22 സാമ്പത്തിക വർഷം ക്രമീകരിച്ചിരുന്നില്ല. തൻവർഷവും പ്രസ്തുത തുക ക്രമീകരിച്ചതായി കാണുന്നില്ല. അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 22/31.07.2023) മറുപടിയായി വരും വർഷങ്ങളിൽ ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-2-1 ബജറ്റ് - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും, വാസ്തവികമുമായിരിക്കേണ്ടതാണ്. ബജറ്റ് പ്രകാരമുള്ള തനത് ഇനങ്ങളുടെ പ്രതീക്ഷിത വരവ് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് |
|---|---|---|---|
| 1101001 | വസ്തു നികുതി | 3400000 | 2511084 |
| 1102001 | തൊഴിൽ നികുതി | 1600000 | 922410 |
| 1301001 | സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 500000 | 291516 |
| 1308001 | മറ്റ് വാടകകൾ | 50000 | --- |

വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നിവ പൂർണ്ണമായും പിരിച്ചെടുത്തിട്ടുള്ളതായി കാണുന്നു. പ്രതീക്ഷിത വരവിൽ നിന്നും യഥാർത്ഥ വരവിലുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 15/30.07.2023) തനത് വരുമാനം കുറവുള്ള പഞ്ചായത്തായതിനാൽ വരും വർഷങ്ങളിൽ പ്രതീക്ഷിക്കുന്ന വരവാണ് ബജറ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുള്ളതെന്നും വിഷയം ധനകാര്യ കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും ശ്രദ്ധയിൽപെടുത്തി വരും വർഷങ്ങളിൽ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടും വിധം ബജറ്റ് തയ്യാറാക്കുന്നതാണ് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-2 ബജറ്റ്

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 25/03/2022 | 13/03/2023 |
| ഭരണസമിതി തീരുമാനം | 1(1) | 3(1) |
| മുന്നിരിപ്പ് | 1206051 | 1206051 |
| പ്രതീക്ഷിത വരവ് | 251070991 | 279951160 |
| ആകെ | 252277042 | 281157211 |
| പ്രതീക്ഷിത ചെലവ് | 250325491 | 278987160 |
| നീക്കിയിരിപ്പ് | 1951551 | 2170051 |

1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷികബജറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പാലിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 10486984 |
| ഓഡിറ്റ് വർഷത്തെ വരവ് | 56917374 |
| ആകെ | 67404358 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51929541 |
| നീക്കിയിരിപ്പ് | 15474817 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 120,479,783/- രൂപയും ചെലവ് 120,757,600/- രൂപയുമാണ് .

## 1-4-1 ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് ബാലൻസ് ഷീറ്റിൽ വർഷങ്ങളായി നിലനില്ക്കുന്നു.

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100156 | Rajiv Gandhi Panchayath Sashaktikaran Abhiyan | 540000 |
| 320100190 | Vimukthi Grant | 12500 |

| | | |
|---|---|---|
| 320300199 | Grants, Funds & Contributions For Specific Purposes – Other Government Agencies | 1076000 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) -From District Panchayath | 46138 |

പ്രസ്തുത വിഷയം ജനറൽ കമ്മിറ്റിയിലും ധനകാര്യ കമ്മിറ്റിയിലും ചർച്ച ചെയ്ത് പ്രോജക്ട് തയ്യാറാക്കി ഫണ്ട് ചെലവഴിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20355714 | 20355714 | 20977034 | -621320 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6007540 | 6007540 | 6577000 | -569460 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 8711252 | 8711252 | 4095204 | 4616048 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3882039 | 3882039 | 1710336 | 2171703 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 4657000 | 4657000 | 3221236 | 1435764 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4572000 | 4572000 | 3875924 | 696076 |
| CSS | 0 | 0 | 0 | 1102707 | - 1102707 |
| Sss | 0 | 0 | 0 | 1848779 | -1848779 |

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| **ഫണ്ട്** | **ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം** | **എ.സി.ആർ പ്രകാരമുള്ള തുക + Source Deduction** | **വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution)** |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 20977034 | 21010250 | 20977034 |

വ്യത്യാസത്തിന്റെ കാരണം പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകം സംബന്ധിച്ച വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2)ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 6818220 | 5192526 | 76.15 |
| | പട്ടിക ജാതി | 180000 | 160800 | 89.33 |
| സേവനം | പൊതുവിഭാഗം | 58988036 | 30406936 | 51.55 |
| | പട്ടിക ജാതി | 20200280 | 6784617 | 33.59 |
| പശ്ചാത്തലം | പൊതുവിഭാഗം | 10954499 | 5415397 | 49.44 |
| | പട്ടിക ജാതി | 325000 | 191698 | 58.98 |

മേഖലാടിസ്ഥാനത്തിൽ വകയിരുത്തിയ തുകകൾ പൂർണ്ണമായും ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം

**(എ)**

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 22865000 | 20977034 | 1887966 |
| വികസനഫണ്ട് എസ്.സി.പി | 6577000 | 6577000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 4572000 | 3875924 | 696076 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4657000 | 3221236 | 1435764 |







ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുന്നിരിപ്പ് ( 2021-22 B4 ഷെഡ്യൂൾ പ്രകാരം) | വരവ് ( ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ് + പലിശ) | ആകെ | ചെലവ് ( ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B4 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) | 4213030 | 8711252 | 12924282 | 4095204 | 8829078 | 6638817 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ്) | 547922 | 3882039+ 235848 * | 4665809 | 1710336 | 2955473 | 2845092 |

* പലിശ

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി

പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ബി)2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 0 | 2032000 | 1705249 | 84 |
| വെറ്റിനറി സർജൻ | 10 | 9 | 1 | 2947700 | 2288457 | 78 |
| മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി | 10 | 9 | 1 | 4070073 | 3502941 | 86 |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | 3 | 3 | 0 | 1350000 | 1350000 | 100 |
| ഫീഷറീസ് ഓഫീസർ | 5 | 5 | 0 | 1135520 | 924899 | 81 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 25 | 1 | 47721984 | 16381219 | 34 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 12 | 2 | 4414500 | 3253732 | 74 |
| സെക്രട്ടറി | 41 | 34 | 7 | 9514236 | 7843884 | 82 |
| എച്ച്.എം. | 5 | 5 | 0 | 575000 | 537916 | 94 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 43 | 26 | 17 | 21890162 | 9089320 | 42 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 600000 | 500000 | 83 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 0 | 1214860 | 774357 | 64 |

**(സി) ആകെ വരവ് ചെലവ് (സൂലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 24244763 | 20977034 | 87 |
| എസ്.സി.പി. | 7146460 | 6577000 | 92 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 15980961 | 5805540 | 36 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3068600 | 1102707 | 36 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 12405600 | 1848779 | 15 |
| തനത് ഫണ്ട് | 302490 | 140920 | 47 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 12045000 | 3210155 | 27 |

| | | | |
|---|---|---|---|
| മറ്റ് ജില്ലാ പഞ്ചായത്ത് | 11499428 | 1048750 | 9 |
| മെയിന്ററനൻസ് റോഡ് | 5601000 | 3221236 | 58 |
| മെയിന്ററനൻസ് റോഡിതരം | 4772000 | 3875921 | 81 |
| മറ്റുള്ളവ | 36643030 | 13669896 | 37 |
| ആകെ | 134109065 | 61821870 | 46 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 174 | 145 | 29 | 9,74,66,035 | 4,81,51,974 | 49 |

**ഡി) വിവിധ വിഭാഗങ്ങൾക്കായ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല**

സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/27.07.2023) ലഭ്യമാക്കിയ വിശദീകരണം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക ( മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക ( മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം(%) | വിശദീകരണം |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 2487950 | 1772208 | 71.2 | ലഭ്യമാക്കിയില്ല |
| കുട്ടികൾ | 1370000 | 1202566 | 87.78 | എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം എന്ന പദ്ധതിയുടെ മാർച്ചിലെ ബിൽ മാറാൻ കഴിഞ്ഞില്ല |
| വൃദ്ധർ | 1666680 | 1183905 | 71.03 | വാതിൽപ്പടി സേവനം എന്ന പ്രോജക്ട് നടപ്പാക്കിയില്ല |

| | | | | |
|---|---|---|---|---|
| ഭിന്നശേഷിയുള്ളവർ | 250000 | 197222 | 78.89 | സംയുക്ത പ്രോജക്ട് ആയതിനാലും ഗുണഭോക്താക്കളുടെ എണ്ണം കുറവായതും കാരണം തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞില്ല |
| അതി ദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാനുകൾ | 130000 | 48880 | 37.6 | ഒരു നേരത്തെ ഭക്ഷണം മാത്രമാണ് നൽകിയത്. പോഷകാഹാര കിറ്റ് ഉൾപ്പെടെ നൽകുന്നതിന് പദ്ധതിയിൽ തുക ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വ്യക്തമായ നിർദ്ദേശങ്ങളുടെ അഭാവത്തിൽ തുക പൂർണ്ണമായും ചെലവഴിച്ചില്ല. |
| യുവജനങ്ങൾ | 60000 | 29880 | 49.8 | പ്രോജക്ടിന് ആവശ്യമായ തുക ചെലവഴിച്ചു. വാലിഡേഷൻ പ്രകാരം മാറ്റം വരുത്താൻ കഴിയാത്തതിനാലും പുതിയ പ്രോജക്ട് രൂപീകരിക്കാൻ കഴിയാത്തതിനാലും തുക പൂർണ്ണമായും ചെലവഴിച്ചില്ല. |

വിവിധ വിഭാഗങ്ങൾക്കായി വകയിരുത്തുന്ന പദ്ധതി വിഹിതം പാഴാക്കാതെ പൂർണ്ണമായും ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**ആസൂത്രണ സമിതി**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 06.12.2021ലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം 19 അംഗങ്ങളെ ഉൾപ്പെടുത്തി പുനഃ സംഘടിപ്പിച്ചു. എന്നാൽ, 14.12.2021, 04.01.2022 എന്നീ തീയതികളിലെ യോഗങ്ങളിൽ 9 പേർ വീതമാണ് പങ്കെടുത്തത്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിഷ പ്രസിദ്ധീകരിച്ചതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 04/25.07.2023ന്റെ മറുപടി). തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

14.12.2021, 04.01.2022 എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്. രണ്ട് യോഗങ്ങളിലും 9 പേർ വീതമാണ് പങ്കെടുത്തത്.

കാർഷിക മേഖല വളരെ പിന്നോക്കാവസ്ഥയിലാണെന്ന് യോഗത്തിൽ പരാമർശമുണ്ട്. അവസ്ഥാരേഖ പരിഷ്കരിക്കണമെന്നും ഉല്പാദന മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും നിർദ്ദേശമുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 4(2)/06.12.2021-ാം നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | അംഗങ്ങളുടെ എണ്ണം | യോഗ തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ജനസേവനം | 17 | 30.04.2022 | 8 |
| മൃഗസംരക്ഷണവും ക്ഷീര വികസനവും | 18 | 14.12.2021 | 5 |
| | | 30.04.2022 | 8 |
| ആരോഗ്യം | 20 | 04.01.2022 | 8 |

ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

പ്രസ്തുത വിഷയം ഭരണസമിതിയുമായി കൂടിയാലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ ഇപ്രകാരം മോണിറ്ററിംഗ് നടന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടികൾ (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 04/25.07.2023ന്റെ മറുപടി) |
|---|---|---|---|---|
| I | കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ജനസേവനം | 30.04.2022 | പഞ്ചായത്ത് ഓഫീസിൽ വാഹന പാർക്കിംഗ് സൌകര്യം ഒരുക്കുക. | നിലിവൽ മുൻപഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണത്തിന്റെ ഭാഗമായി പാർക്കിംഗ് ഏരിയ സൌകര്യം പൂർത്തിയായി വരുന്നു. |
| Ii | ആരോഗ്യം | 30.04.2022 | ഔഷധ സസ്യങ്ങളുടെ പരിപാലനം. | നടപടി സ്വീകരിച്ചിട്ടില്ല. |
| | | | സിദ്ധ, ഹോമിയോ ഡിസ്പെൻസറികൾക്ക് സ്വന്തമായി കെട്ടിടം | പഞ്ചായത്ത് ഓഫീസിലെ മുകളിലത്തെ നിലയിലെ പണി പൂർത്തിയാകുന്ന മുറയ്ക്ക് ഡിസ്പെൻസറികൾക്ക് കെട്ടിടം ലഭ്യമാക്കുന്നതാണ്. |
| Iii | വിദ്യാഭ്യാസം | 30.04.2022 | പഞ്ചായത്ത് ലൈബ്രറി ഹാൾ പ്രവർത്തനക്ഷമമാക്കുക | നിലവിൽ മൃഗാശുപത്രിയുടെ മുകളിൽ ലൈബ്രറിഹാൾ പ്രവർത്തിക്കുന്നു. |
| Iv | കൃഷി | 07.06.2022 | ഇക്കോഷോപ്പിന്റെ | പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | മാതൃകയിൽ കാർഷിക വിപണി ആരംഭിക്കുക | ഓഫീസിനോട് ചേർന്ന് കിടക്കുന്ന പുറമ്പോക്ക് ഭൂമി ലഭിക്കുന്ന മുറയ്ക്ക് ഇക്കോഷോപ്പ് നിർമ്മിക്കുന്നതാണ്. |
| V | സാമൂഹ്യ നീതി | 03.04.2022 | പകൽ വീട് അടിസ്ഥാന സൌകര്യം ഒരുക്കൽ.<br>സ്വന്തമായി സ്ഥലമില്ലാത്ത അങ്കണ വാടികൾക്ക് സ്ഥലം.<br>സ്ഥലം കണ്ടെത്തിയ രണ്ട് അങ്കണവാടികൾക്ക് കെട്ടിടം.<br>ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുക. | പകൽവീടിന് വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനായി 2023-24 വർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>2022-23 വർഷം ബ്ലോക്ക് വിഹിതം കൂടി ചെലവഴിച്ച് ഭൂമി വാങ്ങിയിട്ടുണ്ട്.<br>2023-24 വർഷം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. |
| Vi | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 30.04.2022 | ജാഗ്രത സമിതി പ്രവർത്തനം ശാക്തീകരണം - ഓഫീസ് സൌകര്യം ഒരുക്കൽ | വെറ്ററിനറി ഡിസ്പെൻസറി സ്ഥിതിചെയ്യുന്ന കെട്ടിടത്തിന് മുകളിലായി ജാഗ്രതസമിതിയ്ക്ക് പ്രവർത്തന സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| Vii | ജൈവ വൈവിദ്ധ്യ മാനേജ്മെന്റ് | 30.04.2022 | സ്കൂളുകളിൽ ജൈവ വൈവിദ്ധ്യ പാർക്ക്, പച്ചത്തുരുത്ത് എന്നിവ നിർമ്മിച്ച് സംരക്ഷിക്കുക.<br>മിയാവാക്കി മോഡൽ വനവൽക്കരണം. | നടപടി സ്വീകരിച്ചിട്ടില്ല. |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചതായി അറിയിച്ചെങ്കിലും, പരിഷ്കരിച്ചതിന്റെ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ഗുരുതര പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | പരിഹാര നടപടികൾ (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 04/25.07.2023ന്റെ മറുപടി) |
|---|---|---|---|---|
| I | പൊതുഭരണവും | ഗുരുതരം | പഞ്ചായത്തിന്റെ | നടപടി |

| | | | | |
|---|---|---|---|---|
| | ധനകാര്യവും | | തനത് വരുമാനം വർദ്ധിക്കുന്നില്ല. | സ്വീകരിക്കുന്നതാണ്. |
| Ii | ആരോഗ്യം | ഗുരുതരം | മാലിന്യ നിർമ്മാർജനം | പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| Iii | പട്ടികജാതി വികസനം | ഗുരുതരം | ജല ലഭ്യത | ജലജീവൻ പദ്ധതിയിലൂടെ ജലലഭ്യത ഉറപ്പാക്കുന്നു. |
| Iv | സാമൂഹ്യനീതി | അതീവ ഗുരുതരം | അങ്കണവാടി കെട്ടിടം | 2023-24 വർഷം ഭൂമി വാങ്ങൽ, സ്മാർട്ട് അങ്കണവാടി എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ(വാർഡ് 7, 12), വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ കൂടാതെ മറ്റ് നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചെങ്കിലും നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8(എ) പ്രകാരം ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും സംയുക്ത യോഗത്തിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തന മേഖലയുള്ള ബാങ്ക് പ്രതിനിധികളുമായി പ്രോജക്ടുകൾ പ്രകാരമുള്ള വായ്പാ ആവശ്യങ്ങൾ ചർച്ച ചെയ്ത് നിലവിലുള്ള സാദ്ധ്യതകൾ സംബന്ധിച്ച് വ്യക്തത വരുത്തണമെന്നുണ്ട്.

ബാങ്ക് പ്രതിനിധികളുമായി ചേർന്ന് സ്റ്റേക് ഹോൾഡേഴ്സ് യോഗം കൂടിയതായി അറിയിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല.

ആസ്തി സംരക്ഷണ പദ്ധതി

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ

കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്.

റോഡ് കണക്ടിവിറ്റി മാപ്പിംഗ് എന്ന പ്രോജക്ട് നടപ്പാക്കി വരുന്നെന്നും അത് പൂർത്തിയാകുന്ന മുറയ്ക്ക് ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-6-1 മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നു.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2022-23 മരണറിപ്പോർട്ടുമായി ബന്ധപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും ആധാർ നമ്പർ ഉൾപ്പെട്ടിട്ടില്ല. ലഭ്യമായ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റ് പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ മരണശേഷവും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | സ്റ്റാറ്റസ് | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1 | 102310202009 | അബ്ദുള്ള നാസിമുദ്ദീൻ.എ | 1.08.2022 | വാർദ്ധക്യകാല പെൻഷൻ | 09/2022 മുതൽ 04/2023 വരെ | ആക്ടീവ് | 12,800 (1600 X8) |
| 2 | 102310400374 | അബ്ദുള്ള നാസിമുദ്ദീൻ.എ | 1.08.2022 | ദേശീയ ഡിസബിലിറ്റി പെൻഷൻ | 09/2022 മുതൽ 04/2023 വരെ | ആക്ടീവ് | 4800 (600 X8) |
| 3 | 102310201169 | മുഹമ്മദ് പാത്തുമ്മാൾ | 23.10.2022 | വാർദ്ധക്യകാല പെൻഷൻ | 11/2022 മുതൽ 04/2022 വരെ | ആക്ടീവ് | 9600 (1600 X6) |
| 4 | 102310200453 | അബ്ദുൾ ഗഫൂർ | 18.10.2022 | വാർദ്ധക്യകാല പെൻഷൻ | 11/2022 മുതൽ 04/2023 വരെ | ആക്ടീവ് | 9600 (1600x6) |
| 5 | 102310201028 | എസ്. ശശാങ്കൻ | 13.05.2022 | വാർദ്ധക്യകാല പെൻഷൻ | 06/2022 മുതൽ 04/2023 വരെ | ആക്ടീവ് | 17,600 (1600x11) |

സർക്കുലർ നമ്പർ 63/2021/ധന തീയതി 02.08.2021 പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ

സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. തുടർന്നും മരണശേഷം പെൻഷൻ അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/31.07.2023) മറുപടിയായി മരണ ശേഷം പെൻഷൻ അനുവദിക്കപ്പെട്ടവരുടെ പെൻഷൻ സസ്പെൻഡ് ചെയ്ത് തുക തിരികെ ഒടുക്കുന്നതിന് ബാങ്കിന് കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി സർക്കാർ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും നിലവിലും മരണപ്പെട്ടവർക്ക് പെൻഷൻ അനുവദിക്കുന്നത് സ്ഥാപനത്തിന്റെ ഭാഗത്തെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണങ്ങൾ പരിശോധിച്ച്, അവയിൽ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ പെൻഷൻ സ്റ്റാറ്റസ് അടിയന്തിരമായി സസ്പെൻഡ് ചെയ്യേണ്ടതും, മരണശേഷം അനുവദിച്ചിട്ടുള്ള പെൻഷൻ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 373800 | 42 |
| വിധവ പെൻഷൻ | 10901700 | 1096 |
| വാർദ്ധക്യകാലപെൻഷൻ | 19841600 | 2175 |
| വികലാംഗപെൻഷൻ | 352300 | 340 |
| വിവാഹധനസഹായം | 30000 | 1 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 163600 | 18 |
| തൊഴിൽ രഹിത വേതനം | 19080 | 29 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2023, 10.15AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,441 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഭേദപ്പെട്ട നിലയിലാണെന്ന് പരിശോധനയിൽ കാണുന്നു.

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. നികുതി പിരിവ് ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്.

2)പദ്ധതി ആസൂത്രണ പ്രക്രിയയിൽ വിവിധ സമിതികളുടെ പങ്കാളിത്തം മെച്ചപ്പെടേണ്ടതുണ്ട്.

3)ഗുണഭോക്താക്കളുടെ മരണശേഷവും സാമൂഹ്യസുരക്ഷ പെൻഷൻ അനുവദിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4)പകൽ വീടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

5)അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.
6)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
7)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതമാക്കണം.

## 1-9-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ

2022-23 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹണം നടത്തിയ പ്രവൃത്തികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മൂല്യ നിർണയ സാക്ഷ്യപത്രങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല.
2.നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് പല ഫയലിലും ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്.

3.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

4. 2022-23 കാലയളവിൽ 119 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ മസ്റ്റർ റോൾ രജിസ്റ്ററിൽ ഏതാനും പ്രവൃത്തികൾക്കൊഴികെ, പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ച തുക, മസ്റ്റർ റോൾ ഇഷ്യൂ ചെയ്ത തീയതി, വർക്ക് സൈറ്റിൽ നിന്നും തിരികെ ലഭിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, മസ്റ്റർ റോൾ ഏറ്റുവാങ്ങിയ ഉദ്യോഗസ്ഥന്റെ ഒപ്പ്/ തീയതി എന്നിവയും രേഖപ്പെടുത്തിയിട്ടില്ല .

5. മസ്റ്റർ റോളിലെ ഹാജർ വിവരം അക്രഡിറ്റഡ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല .

6. പദ്ധതികളുടെ പ്രാരംഭനിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.

7. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ചു കാണുന്നില്ല. പ്രവൃത്തിയുടെ ഫയലുകളിൽ കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല.

8. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ സ്ഥലത്തിന്റെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

9. പദ്ധതികളുടെ തുടർമോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ പ്രസ്തുത പ്രവൃത്തിയുടെ ഫലമായി ഉണ്ടായ പ്രത്യുല്പാദനപരമായ പുരോഗതി വിലയിരുത്തപ്പെട്ടിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും

ഭരണനിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-9 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3827 | 817966 | 821793 | 333300 | 488493 * |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25094992 | 25094992 | 25094992 | 0 |
| ആകെ | 3827 | 25912958 | 25916785 | 25428292 | 488493 |

* ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണ ചെലവുകളുടെ നീക്കിയിരിപ്പ് 488494/ - രൂപയാണ്. ഒരു രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.01.2023 | 01.08.2021മുതൽ 31.03.2022 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2020 | 2014-15 മുതൽ 2018-19 വരെ | 16.03.2020 |

## 1-11 ലൈസൻസ് - അപാകങ്ങൾ

ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ, ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉല്പാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ പ്രസ്തുത കോളം ഒഴിവാക്കിയാണ് ഭൂരിഭാഗം അപേക്ഷകരും അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. എന്നാൽ, ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) 2022-23 വർഷത്തിൽ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് നേടുന്നതിനായി അപേക്ഷകൻ മൂലധന നിക്ഷേപം അടിസ്ഥാനമാക്കിയുള്ള ഫീസും, വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ, നിർമ്മാണ പ്ലാന്റോ ഏതെങ്കിലും സ്ഥലത്ത് സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം പട്ടിക 111 പ്രകാരമുള്ള മെഷീൻ ഫീസും അടവാക്കേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള നിയമാനുസൃത ഫീസ് ഈടാക്കാതെ ലൈസൻസ് നൽകിയതായി കണ്ടെത്തി. ഉദാഹരണം താഴെ.

17-12-2022- ൽ "നിള പവർ ലോൺട്രി" എന്ന സ്ഥാപനത്തിനു ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 10HP യന്ത്രം ഉപയോഗിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത HP നിരക്കിലുള്ള ഫീസ് ഈടാക്കാതെയാണ് ലൈസൻസ് നല്കിയതെന്ന് വ്യക്തമാകുന്നു.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (5/25.07.2023) ലൈസൻസിനുള്ള അപേക്ഷകളിലെ അപാകതകൾ പൂർണമായും പരിഹരിച്ചു മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളു എന്നും "നിള പവർ ലോൺട്രി" എന്ന സ്ഥാപനത്തിന് 10 HP യന്ത്രം പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് ഒടുക്കുവാനുള്ള അറിയിപ്പ് നൽകിയതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 1,182 വളർത്തു നായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 142 വളർത്തു നായകൾക്ക് മാത്രമാണ് 2022-23 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 8/26.07.2023 ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിൽ ലൈസൻസിനായി ലഭിച്ച അപേക്ഷകളിന്മേൽ ലൈസൻസ് നൽകിയിട്ടുണ്ടെന്നും തുടർ വർഷങ്ങളിൽ വെറ്റിനറി വിഭാഗവുമായി സംയോജിച്ച് നായകൾക്ക് വാക്സിനേഷൻ എടുക്കുന്ന മുറയ്ക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1996 -ലെ കേരള പഞ്ചായത്ത്‌രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 4, 5, 6 എന്നിവ പ്രകാരം സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടത് |
|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, വെട്ടൂർ | I&II Half |
| 2 | മാവേലി സ്റ്റോർ, വെട്ടൂർ | I Half |
| 3 | പാർവതി ഫിനാൻസ്, വർക്കല | I&II Half |

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. Dr.അരുൺറോയ്, Dr. Arun's Dental Clinic എന്ന സ്ഥാപനത്തിൽ നിന്നും ഒന്നാം അർദ്ധവാർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനത്തിൽ നിന്നും രണ്ടാം അർദ്ധവർഷം Dr.അരുൺറോയ് 1250/- രൂപ തൊഴിൽ നികുതി അടച്ചിട്ടുണ്ട്. എന്നാൽ, സ്ഥാപനം ഒന്നും രണ്ടും വർഷം സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ട്.

2. ഇന്ത്യൻ ഓവർസീസ് ബാങ്ക്, വെട്ടൂർ, കേരള ഗ്രാമീൺ ബാങ്ക് വെട്ടൂർ, കാത്തലിക് സിറിയൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ അപ്രൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല,

3. ഓരോ സ്ഥാപനവും നല്കുന്ന തൊഴിൽ നികുതി പത്രകയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തിയതായി കാണുന്നില്ല.
മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/31.7.23) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതാണെന്നും തൊഴിൽനികുതി പത്രിക പരിശോധിച്ച് അപ്രൈസർ ഉൾപ്പെടെയുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചു.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ലഭ്യമായ എല്ലാ സ്രോതസ്സിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഉൾപ്പെടെ നികുതി ഈടാക്കേണ്ടതാണ്.

## 1-14 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2022-23 വർഷത്തേയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചുനൽകേണ്ടതും, റേഷൻ കടകളിൽ നിന്നും വരുമാനത്തിനനസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ എണ്ണം, റേഷൻകടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/31.7.23) വരും വർഷങ്ങളിൽ റേഷൻകടകളിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു.

റേഷൻകടകളിൽ നിന്നും 2022-23 വർഷത്തെ കുടിശ്ശിക ഉൾപ്പെടെ നികുതി ഈടാക്കേണ്ടതാണ്.

## 1-15 നികുതി വരുമാനം- അവലോകനം

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. അരിവാളം ബീച്ചിൽ ബോട്ട് സർവീസ്, മറ്റ് വിനോദ ഉപാധികൾ എന്നിവ നടപ്പിലാക്കി വരുമാനം വർദ്ധിപ്പിക്കുന്ന കാര്യം ചർച്ച ചെയ്തു. വരും വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ച് വരുന്നു.
2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.
3.ഫീൽഡ് വിസിറ്റ്, നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ എന്നിവയിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്.
4. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 11.05.2023 ലെ 2-ാംനമ്പർ തീരുമാനപ്രകാരം 01.04.2023 ലെ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. പഴയകെട്ടിടങ്ങൾക്ക് 5% വർദ്ധന നടപ്പിലാക്കിയിട്ടുണ്ട്.
5. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ, ഇതിനായി പ്രത്യേക യോഗങ്ങൾ ചേരുന്നില്ല.

വസ്തു നികുതി

1. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. E-payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
2. 01.04.2023 ലെ പുതുക്കിയ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കാനുള്ള

നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ നിരക്കുകൾ 19.05.2023 ലെ 2(2)-ാംനമ്പർ തീരുമാനപ്രകാരം കമ്മിറ്റിയിൽ അംഗീകരിച്ച് അന്തിമ വിജ്ഞാപനം അംഗീകരിച്ചിട്ടുണ്ട്. സഞ്ചയയിൽ സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തി പുതുക്കിയ നികുതി നിരക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. പഴയകെട്ടിടങ്ങൾക്ക് 5% വർദ്ധന നടപ്പിലാക്കി നികുതി പിരിച്ചെടുക്കുന്നുണ്ട്.

3. റോഡ് മാപ്പ് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്, സഞ്ചയയിൽ അപ് ലോഡ് ചെയ്തിട്ടില്ല.

4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ.

5. അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. സഞ്ചയയിലെ അനധികൃത കെട്ടിടങ്ങളുടെ ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകി നികുതി ഈടാക്കുന്നുണ്ട്.

6. തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ (4 മൊബൈൽ ടവർ )മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കുന്നുണ്ട്.

7.പഞ്ചായത്തിൽ നിലവിൽ സേവനഉപനികുതി ചുമത്തുന്നില്ല. പുതിയ സേവന നികുതി മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.

8. ILGMSൽ ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്യുന്നുണ്ട്.കൂടാതെ എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തുന്നുണ്ട്.

9. ഫീൽഡ് പരിശോധന നടത്തി പഞ്ചായത്തിൽ 49 കെട്ടിടങ്ങൾക്ക് ടാക്സ് റിവിഷൻ നടത്തി നികുതി ചോർച്ച തടഞ്ഞിട്ടുണ്ട്.

<u>തൊഴിൽ നികുതി</u>

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അഭിഭാഷകർ, ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല.

3. തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത് എന്നത് വ്യക്തമല്ല. തൊഴിലുടമ നല്കുന്ന നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നുണ്ട്. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ട തുക തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സ്രോതസ്സുകൾ കണ്ടത്തേണ്ടതുമാണ്.

## <u>1-16 വസ്തു നികുതി - സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം</u>

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 1/238 | ആമിന, കൊച്ചുതുരപ്പിൻ മുകൾ പുത്തൻവീട് | ഫിഷർമെൻ കോളനി ചൂളപ്പുര റോഡ് | 1.5 മീറ്ററിൽ കുടുതൽ | ദ്വിതീയം |
| | 1/242 | കബീർ, തുരപ്പിൻമുകളിൽ,വെട്ടൂർ | ഫിഷർമെൻ കോളനി ചൂളപ്പുര റോഡ് | 1.5 മീറ്ററിൽ കുടുതൽ | ത്രിതീയം |

| | | | | | |
|---|---|---|---|---|---|
| 2 | 2/129 A | സുറുമി, പന്തിയിൽ വീട്, വെട്ടൂർ | തെങ്ങറ എച്ച്.എസ്സ് റോഡ് | 1.5 മീറ്ററിൽ കുടുതൽ | ത്രിതീയം |
| | 2/138 A | അസീന, കല്ലുവിള വീട്,വെട്ടൂർ, | തെങ്ങറ എച്ച്.എസ്സ് റോഡ് | 1.5 മീറ്ററിൽ കുടുതൽ | ദ്വിതീയം |
| 3 | 2/163 A | ബൈജു & അലൈജ, നിർമ്മാല്യം,വെട്ടൂർ | ചുമടുതാങ്ങി റോഡ് | 5 മീറ്ററോ അതിൽ കുടുതൽ | ദ്വിതീയം |
| | 2/166 B | ജമാൽമുഹമ്മദ്, സൈനാ മൻസിൽ,ചുമടുതാങ്ങി, വർക്കല | ചുമടുതാങ്ങി റോഡ് | 5 മീറ്ററോ അതിൽ കുടുതൽ | ത്രിതീയം |

ഒരേ റോഡിന്റെ പല ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ പല മേഖലകളിൽ ഉൾപ്പെട്ട് വരാറുണ്ടെന്നും കെട്ടിട നികുതി നിർണ്ണയ രജിസ്റ്ററുകളും സഞ്ചയ രേഖകളും പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും വിവരങ്ങളുടെ കൃത്യത ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/01.08.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൃത്യമായ മേഖലാ നിർണ്ണയം നടത്തി പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-17 പകൽ വീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 58/23 |
| പദ്ധതിയുടെ പേര് | പകൽവീട് അടിസ്ഥാന സൗകര്യം ഒരുക്കൽ |
| അടങ്കൽ | 300000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം-299000, വികസന ഫണ്ട്-1000) |
| ചെലവ് | 115330(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

2022-23 വർഷം പകൽവീട് അടിസ്ഥാന സൌകര്യം ഒരുക്കുന്നതിനായി 115330/-രൂപ ചെലവാക്കി വിവിധ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. 30.7.23ന് ഓഡിറ്റ് ടീം പകൽവീട് സന്ദർശിക്കുകയുണ്ടായി. പകൽവീടിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. വൈദ്യുത കണക്ഷനും കുടിവെള്ള കണക്ഷനും ലഭ്യമായിട്ടില്ല. പകൽവീടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ19/30.07.2023) മറുപടിയായി 2023-24 വർഷം പകൽവീടിന് വൈദ്യുതി, വാട്ടർ കണക്ഷൻ എന്നിവ ലഭ്യമാക്കുന്നതിനും കെയർടേക്കറെ നിയമിക്കുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി പകൽവീടിന്റെ പ്രവർത്തനം എത്രയുംപെട്ടെന്ന് ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 അങ്കണവാടികളുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

2022-23 ഓഡിറ്റിന്റെ ഭാഗമായി 30.7.23ന് ഓഡിറ്റ് ടീം വിവിധ അങ്കണവാടികൾ സന്ദർശിക്കുകയുണ്ടായി. ചുവടെ പറയുന്ന അങ്കണവാടികളുടെ ഭൌതികസാഹചര്യം മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഫിഷർമെൻ കോളനി അങ്കണവാടി

കുടിവെള്ള ടാങ്ക് സ്ഥാപിച്ചിട്ടില്ല. അതിർത്തി നിർണ്ണയിച്ച് ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. അങ്കണവാടിയുടെ മുൻവശം താഴ്ന്ന് കുഴിയായി കിടക്കുന്നത് കുട്ടികളുടെ സുരക്ഷിതത്വത്തിന് ഭീഷണിയാകുന്നുണ്ട്.

ചിറ്റിലക്കാട് അങ്കണവാടി

അങ്കണവാടിക്കായി ലഭ്യമായ വസ്തുവിൽ അതിർത്തി തിരിച്ചിട്ടുണ്ട്. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കേണ്ടതാണ്.

മധുരാക്ഷി മെമ്മോറിയൽ മഹിളാസമാജം അങ്കണവാടി

അങ്കണവാടിയോട് ചേർന്ന് ഉപയോഗശൂന്യമായി പൊട്ടിപൊളിഞ്ഞ നിലയിൽ ഒരു കെട്ടിടവും മൺകൂനയും കെട്ടിടാവശിഷ്ടങ്ങളും കാണപ്പെടുന്നത് കുട്ടികളുടെ സുരക്ഷിതത്വത്തിന് ഭീഷണിയാകുന്നുണ്ട്.

അങ്കണവാടികളുടെ ഭൌതികസാഹചര്യം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/30.07.2023) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്ന് പൂർണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0007/23 |
| പ്രോജക്ടിന്റെ പേര് | എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,50,000 (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 1,50,000 |
| ബിൽ നമ്പർ | 57/31.08.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - ആയുർവേദം |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി, 1,50,000 രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. ഹോംകോയുമായുള്ള കരാർ (നമ്പർ HCO/SA /51/22തീയതി 06.09.2022) പ്രകാരം, തുക കൈപ്പറ്റി 9 മാസത്തിനകം മരുന്നുകൾ പൂർണമായും ലഭ്യമാക്കുമെന്നുണ്ട്.

ഇൻവോയ്സ് നമ്പർ എൽ.എഫ്. 208/07.06.2023 പ്രകാരം 86,495 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇനിയും 63,505 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. എൻ.എച്ച്.എം സ്ഥാപനത്തിൽ മരുന്നുകൾ സൂക്ഷിക്കാനുള്ള സ്ഥലത്തിന്റെ പരിമിതി കാരണം കുറച്ചുകൂടി സാവധാനത്തിൽ മരുന്ന് ലഭ്യമാക്കിയാൽ മതിയെന്ന് എൻ.എച്ച്.എം. മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടതിനാലാണ് കാലതാമസമുണ്ടായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/25.07.2023ന്റെ മറുപടി).

മരുന്നുകൾ പൂർണമായും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഹോമിയോ ഡിസ്പെൻസറിയുടെ സ്ഥലപരിമിതി സംബന്ധിച്ച വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 പത്താം തരം, പ്ലസ് വൺ തുല്യതാ തുടർ വിദ്യാഭ്യാസം അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | S0111/23 |
| പ്രോജക്ടിന്റെ പേര് | തുടർ തുല്യതാ വിദ്യാഭ്യാസം - പത്താം തരം, പ്ലസ് വൺ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഹിതം - സാധാരണ വിഹിതം |
| അടങ്കൽ | 100000/- വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) |
| ചെലവ് | 99500/- |
| ബിൽ നം. | 445/28.3.2023 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |

പത്താംതരം, പ്ലസ് വൺ പഠിപ്പു മുടങ്ങിയ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. 32 പഠിതാക്കൾക്ക് പത്താം തരം തുല്യതാ കോഴ്സിനും 17 (ഒരു എസ്.സി പഠിതാവ് ഉൾപ്പെടെ) പഠിതാക്കൾക്ക് ഹയർ സെക്കന്ററി പ്ലസ് വൺ തുല്യതാ കോഴ്സിനും രജിസ്ട്രേഷൻ ഫീസായി ആകെ 99500/- രൂപ (1850x32+2500x16+300x1) മേൽ ബിൽ പ്രകാരം സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും വിശാഖ്.ബി, ദിവ്യാ നിവാസ്, വലയന്റകുഴി, വെന്നിക്കോട് എന്ന കുട്ടിയുടെ അപേക്ഷയും രജിസ്ട്രേഷൻ ചെയ്തതിന്റെയും വിവരം ലഭ്യമാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 12/27.7.2023) മറുപടിയായി, കുട്ടിയ്ക്ക് 22 വയസ്സ് തികയാത്തതിനാൽ അപേക്ഷ നിരസിച്ചുവെന്നും പഠിതാവിന് 22 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷ എഴുതിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുംവിധം നടപ്പിലാക്കേണ്ടതും പഠിതാവിനെ പരീക്ഷ എഴുതിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 എഫ്.എച്ച്.സി.യ്ക്ക് റീ- ഏജന്റുകൾ പൂർണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO147/23 |
| പ്രോജക്ടിന്റെ പേര് | എഫ്.എച്ച്.സി, വെട്ടൂർ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | 264733/- ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | 214742/- ഹെൽത്ത് ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

എഫ്.എച്ച്.സി, വെട്ടൂർ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതിയ്ക്കായി ബിൽ നം. 394/23.3.2023 പ്രകാരം 189999/- രൂപയും, ബിൽ നം.328/8.3.2023 പ്രകാരം 24743/- രൂപയും (ആകെ 214742/- രൂപ) യഥാക്രമം In House Drug Bank, ABC Diagnostics എന്നീ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ, ബിൽ നം. 394/23.3.2023 പ്രകാരമുള്ള

189999/- രൂപയിന്മേൽ 104483/- രൂപയുടെ (32440.50+18119+53924) റീയേജന്റുകൾ ലഭ്യമായിട്ടുണ്ട് (ബില്ലുകളിൽ PRF No.രേഖപ്പെടുത്തിയിട്ടില്ല) ചുവടെ ചേർക്കുന്ന ഏതൊക്കെ Proforma Invoice പ്രകാരമുള്ള റീയേജന്റുകളാണ് ലഭ്യമായതെന്നതിൽ വ്യക്തതയില്ല.

| Invoice No./Date | Amount |
|---|---|
| Proforma Invoice No.10461/4.3.23 | 105487/- |
| Proforma Invoice No.10508/10.3.23 | 21872/- |
| Proforma Invoice No. 10465/4.3.23 | 54883/- |
| Proforma Invoice No. 10510/10.3.23 | 7757/- |
| **Total** | **189999/-** |

അവശേഷിക്കുന്ന 85516/- രൂപയുടെ റീ-ഏജന്റുകൾ ഓർഡർ നല്കി മറ്റു ജില്ലകളിൽ നിന്നും വരുത്തേണ്ടതായതിനാലാണ് ലഭ്യമാകുവാൻ കാലതാമസമുണ്ടായതെന്നും ആഗസ്റ്റ് 10-നകം ലഭ്യമാക്കാമെന്നും അറിയിച്ചതായും ഓഡിറ്റ് എൻക്വയറി നം.18/31.7.23-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് ഇനമായി സുലേഖയിൽ രേഖപ്പെടുത്തുന്നില്ല. ആകെയിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്. ആയത് പരിഹരിക്കേണ്ടതാണ്. മരുന്നുകളും റീ-ഏജന്റുകളും ലഭ്യമാക്കാൻ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധചെലുത്തേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 പട്ടികജാതി വനിതകൾക്ക് വാട്ടർ ടാങ്ക് - സർക്കാർ ജീവനക്കാരിയയായ ഗുണഭോക്താവിന് ആനുകൂല്യം നൽകി.

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0172/23 | | |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് വാട്ടർ ടാങ്ക് - പട്ടികജാതി | | |
| അടങ്കൽ | 377000/- | വികസന ഫണ്ട് - എസ്.സി.പി -283000 | ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് -94000 |
| ചെലവ് | 371541/- | വികസന ഫണ്ട് - എസ്.സി.പി -281793/- | ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് -89748 |
| ബിൽ നമ്പർ | 447/28.3.2023 തുക 51648/-<br>470/30.03.2023 തുക 230145/- | | |
| നിർവ്വഹണം | അസി. സെക്രട്ടറി | | |

കുടിവെള്ളം സംഭരിക്കുന്നതിന് 94 പട്ടികജാതി കുടുംബങ്ങൾക്ക് 500 ലിറ്ററിന്റെ പി.വി.സി ടാങ്ക് (3 Layer) വാങ്ങി നൽകുന്ന പദ്ധതി ടെണ്ടർ മുഖേന ഒരു ടാങ്കിന് 4000/- രൂപാ നിരക്കിൽ

വാങ്ങി, 25% തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ട പദ്ധതിയാണിത്. (റിവൈസ്ഡ് പ്രോജക്ട് ലഭ്യമാക്കിയിട്ടില്ല).

സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.15 (2) പ്രകാരം, പൊതു വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി യഥാക്രമം 2 ലക്ഷം രൂപയും, 3 ലക്ഷം രൂപയും ആയിരിക്കും. ഈ പരിധിയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങൾ പൊതുവെ ധനസഹായത്തിന് അർഹരല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ, അപേക്ഷയോടൊപ്പമുള്ള റേഷൻകാർഡിന്റെ (നമ്പർ 1171069054) പകർപ്പ് പ്രകാരം, വാർഡ് 7-ലെ ശ്രീമതി സജന.എസ്, മംഗലശ്ശേരി വീട്, മേൽവെട്ടൂർ എന്ന ഗുണഭോക്താവിന്റെ തൊഴിൽ സർക്കാർ ജീവനം (വരുമാനം - 26334x12 = 316008/-) എന്ന് ശ്രദ്ധയിൽപെട്ടു. നിർദ്ദേശിക്കപ്പെട്ട വാർഷിക വരുമാന പരിധിയിൽ കവിഞ്ഞ വരുമാനമുള്ള വ്യക്തിയ്ക്ക് ആനുകൂല്യം അനുവദിച്ചു.

പരാമർശിത വ്യക്തിയുടെ വാർഷിക വരുമാനവും നിലവിലെ അവസ്ഥയും പുന:പരിശോധിച്ച് ആനുകൂല്യം അനർഹമാണെന്ന് വ്യക്തമാകുന്ന പക്ഷം ടി ഗുണഭോക്താവിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.27/1.8.2023 -ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ഇത്തരത്തിൽ അനർഹർക്ക് ആനുകൂല്യം നൽകുന്നതിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ അനർഹമായി ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയിൽ നിന്നും തുക ഈടാക്കി തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-23 ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പ്രവർത്തനങ്ങൾ

| | |
|---|---|
| പദ്ധതിയുടെ നമ്പർ | S0124/23 |
| പേര് | ഹരിത മിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ തുക | 204900/- വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 204900/- |
| ബിൽ നമ്പർ | 264/28.1.2023 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണം നടപ്പാക്കുന്നതിനായി ഹരിതകേരള മിഷനും ശുചിത്വമിഷനും ചേർന്ന് കെൽട്രോണിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജിംഗ് മോണിറ്ററിംഗ് സിസ്റ്റം. [സ.ഉ(സാധാ)നം.1967/2020/തസ്വഭവ തീ.21.10.2020]. പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ സ്മാർട്ട് ഗാർബേജ് ആപ്പ് ഉപയോഗിച്ച് ഏകോപിപ്പിക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനുമായി ഹരിതകർമ്മസേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ, ഓഫീസിലേയ്ക്ക് ലാപ്ടോപ്പ്, ക്യൂ.ആർ കോഡ്, കെൽട്രോണിന് സർവീസ് ചാർജ് നൽകുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തും, കെൽട്രോണും, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററും തമ്മിൽ 18/01/2023 തീയതിയിൽ ഒരു ത്രികക്ഷി കരാറിൽ ഒപ്പുവെയ്കുകയും [സ.ഉ(സാധാ)നം.493/2022/തസ്വഭവ തീ.02.03.2022] പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് 2,04,900/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട് [സ.ഉ(സാധാ)നം.670/2022/തസ്വഭവ തീ.19.03.2022]. ലാപ്ടോപ്പ് ലഭ്യമാക്കൽ, സർവീസ് ചാർജ്,

SMSചാർജ്, QR കോഡ്, പ്രിന്റിങ് ചാർജ് എന്നീ ഇനങ്ങൾക്ക് വേണ്ടിയാണ് കെൽട്രോണിന് തുക നല്കിയിരിക്കുന്നത്.

വെട്ടൂർ ഗ്രാമപഞ്ചായത്തിൽ ആകെ 14 വാർഡുകളും 28 ഹരിതകർമ്മസേനാംഗങ്ങളുമുണ്ട്. വീടുകളിൽ നിന്നും അജൈവമാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾക്കായി സ്ഥാപനത്തിന് ഒരു എം.സി.എഫും 28 മിനി എം.സി.എഫും നിലവിലുണ്ട്. ഖരമാലിന്യസംസ്കരണത്തിൽ കൃത്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായിട്ടാണ് എല്ലാ വീടുകൾക്കും സ്ഥാപനങ്ങൾക്കും ക്യു.ആർ കോഡ് നൽകുന്നത്. ഇതിനായി ഡാറ്റാ കളക്ഷൻ 27.4.2023 ൽ ആരംഭിച്ചിരുന്നു. ആകെ 5250 ഭവനങ്ങളിൽ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ച് ക്യു.ആർ കോഡ് വിതരണം ചെയ്യുന്ന അവസാന ഘട്ടത്തിലാണ്. ഹരിതകർമ്മസേന അംഗങ്ങൾക്ക് സ്മാർട്ട് ഗാർബേജിംഗ് മോണിട്ടറിംഗ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 28.3.2023, 11.4.2023 തീയതികളിൽ കെൽട്രോണിൽ നിന്നുള്ള സാങ്കേതിക വിദഗ്ദ്ധർ പരിശീലനം നൽകിയിട്ടുള്ളതായും പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പ് വി.ഇ.ഒ.യ്ക്ക് കൈമാറിയതായും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 24/1.8.2023-ന്റെ മറുപടി).
പഞ്ചായത്ത് പരിധിയിലെ എല്ലാ ഭവനങ്ങളുടെയും ഡാറ്റാ കളക്ഷൻ പൂർത്തിയാക്കി ക്യു.ആർ.കോഡ് വിതരണം ചെയ്ത് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമാക്കി പ്രവർത്തന പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 കമ്മ്യൂണിറ്റി സോക്പിറ്റ് - സ്ഥല ലഭ്യത ഉറപ്പാക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0134/23 |
| പ്രോജക്ടിന്റെ പേര് | കമ്മ്യൂണിറ്റി സോക്പിറ്റ്(സ്കൂൾ,മാർക്കറ്റ്,കോളനി(SO) |
| അടങ്കൽ | 1,71,000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 1,19,880 |
| കരാറുകാരൻ | സനിൽ.എസ് (0.025% Below) |
| എം ബുക്ക് നമ്പർ | 578/21-22 |
| ബിൽ നമ്പർ | 63/04.09.2022 |
| ഭരണാനുമതി | 1(1)/20.08.2021 |
| സാങ്കേതികാനുമതി | 83779/20.10.2021 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ, മാർക്കറ്റ്, കോളനികൾ എന്നിവിടങ്ങളിൽ സോക്പിറ്റ് നിർമ്മിക്കുന്നതിനുവേണ്ടി 2021-22 വർഷം രൂപീകരിച്ച പ്രോജക്ട് (S0161/22).

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വിളഭാഗം മാർക്കറ്റ്, വിളഭാഗം എൽപിഎസ്, വലയന്റകുഴി എൽപിഎസ് എന്നിവിടങ്ങളിൽ ഓരോന്നും വെട്ടൂർ ഗവ. എച്ച്എസ്എസിൽ മൂന്നും സോക്പിറ്റുകൾ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ, 1(2)/30.07.2022-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം, സ്ഥല ലഭ്യതയില്ലാത്തതിനാൽ മാർക്കറ്റിൽ സോക്പിറ്റ് നിർമ്മാണം ഒഴിവാക്കിയും, വെട്ടൂർ ഗവ. എച്ച്എസ്എസിൽ മണ്ണിന്റെ ഘടന പ്രകാരം PCCകൂടി ഉൾപ്പെടുത്തിയും അടങ്കൽതുകയിൽ വ്യത്യാസം ഇല്ലാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

ഇതിനെത്തുടർന്ന്, വിളഭാഗം മാർക്കറ്റിലെ സോക്പിറ്റിനായുള്ള 12 ഇനങ്ങൾ ഒഴിവാക്കി 3 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

പ്രോജക്ടിൽ കോളനികളിലും സോക്പിറ്റ് സ്ഥാപിക്കുമെന്നുണ്ടായിരുന്നു. എന്നാൽ,

എസ്റ്റിമേറ്റിൽ ഇത് ഒഴിവാക്കിയിരുന്നു.

ശുചിത്വ മിഷന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം മാർക്കറ്റ്, സ്കൂൾ, കോളനി മുതലായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സോക്പിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിച്ചെങ്കിലും സ്ഥലവാസികളിൽ നിന്നും എതിർപ്പ് നേരിട്ടതിനാലാണ് കോളനികളെ ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 13/29.07.2023ന്റെ മറുപടി).

സ്ഥല ലഭ്യത ഉറപ്പാക്കാതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാർക്കറ്റിൽ സോക്പിറ്റ് നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തി. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് സ്ഥലസന്ദർശനം നടത്തിയിട്ടുള്ളതായും മറ്റ് നിർമ്മാണ പ്രവൃത്തികൾ നടത്തിയത് മത്സ്യ വില്പനയെ ബാധിക്കുന്നുവെന്ന കാരണത്താൽ പ്രവൃത്തി നിർവ്വഹണ സമയത്ത്, മത്സ്യത്തൊഴിലാളികൾ എതിർത്തതിനാലും നിലവിൽ മാർക്കറ്റിൽ ഒരു സോക്പിറ്റുള്ളത് കണക്കിലെടുത്തും എസ്റ്റിമേറ്റിൽനിന്നും മാർക്കറ്റിലെ സോക്പിറ്റ് നിർമ്മാണം ഒഴിവാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതെന്നും വിശദീകരിച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ പങ്കാളിത്തം ഇല്ലാതെയും, നിലവിലുള്ള സോക്പിറ്റ് പരിഗണിക്കാതെയുമാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ട് രൂപീകരണത്തിനു മുൻപായി ആവശ്യകത കൃത്യമായി വിലയിരുത്തുകയും സ്ഥലപരിശോധന നടത്തി ഭൗതിക, സാമൂഹ്യസാഹചര്യങ്ങൾ പരിശോധിക്കുകയും ചെയ്യാത്തത് പദ്ധതി വിഹിതം പാഴാക്കുന്നതിന് കാരണമാകുന്നു. ഇപ്രകാരമുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താതെ, പ്രവർത്തനമില്ലാത്ത മഹിളാസമാജത്തിന് ടോയിലറ്റ് നിർമ്മിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0032/23 |
| പ്രോജക്ടിന്റെ പേര് | മധുരാക്ഷി മെമ്മോറിയൽ മഹിളാസമാജം - ടോയിലറ്റ് നിർമ്മാണം |
| അടങ്കൽ | 2,63,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1,45,894 |
| കരാറുകാരൻ | ആൽഫ്രഡ്.സി (എസ്റ്റിമേറ്റ് നിരക്ക്) |
| എം ബുക്ക് നമ്പർ | 580/21-22 |
| ബിൽ നമ്പർ | 65/04.09.2022 |
| ഭരണാനുമതി | 1/22.11.2021 |
| സാങ്കേതികാനുമതി | 107124/28.12.2021 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗ്രാമപഞ്ചായത്തിലെ വനിത വികസനകേന്ദ്രത്തിന് ടോയിലറ്റ് നിർമ്മിക്കുന്നതിനുവേണ്ടി 2021-22 വർഷം രൂപീകരിച്ച പ്രോജക്ട് (S0183/22).

31.07.2023ൽ നടത്തിയ സ്ഥലപരിശോധനയിൽ, വിളഭാഗം അങ്കണവാടി (നമ്പർ 13)കോമ്പൌണ്ടിൽ സ്ഥിതി ചെയ്യുന്നതും പ്രവർത്തനമൊന്നും നടത്താത്തതുമായ മഹിളാസമാജം കെട്ടിടത്തിനോട് ചേർന്ന് ടോയിലറ്റ് നിർമ്മിച്ചതായി ബോധ്യപ്പെട്ടു. മീറ്റിംഗുകൾ കൂടാൻ മാത്രമാണ് പ്രവർത്തനക്ഷമമായ പ്രസ്തുത കെട്ടിടം ഉപയോഗിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ അങ്കണവാടിയിൽ ടോയിലറ്റ് ഉണ്ട്. അങ്കണവാടിയോട് ചേർന്ന് ഉപയോഗശൂന്യമായി പൊട്ടിപ്പൊളിഞ്ഞ നിലയിൽ ഒരു കെട്ടിടവും മൺകൂനയും കെട്ടിടാവശിഷ്ടങ്ങളും കാണുന്നുണ്ട്.

അങ്കണവാടിയിലെ നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താതെ പ്രവർത്തനമില്ലാത്ത മഹിളാസമാജത്തിന് ടോയിലറ്റ് നിർമ്മിക്കാനുള്ള പ്രോജക്ട്

രൂപീകരിച്ചു.

മഹിളാസമാജം കെട്ടിടത്തിൽ ടോയിലറ്റ് സംവിധാനം ഇല്ലാതിരുന്നതിനാൽ ആയതിന്റെ അനിവാര്യതയും അടിയന്തിരമായി ചെയ്യേണ്ടതിന്റെ ആവശ്യകതയും ഭരണസമിതി ചർച്ച ചെയ്ത് ഭരണാനുമതി ലഭ്യമാക്കിയാണ് നടപ്പാക്കിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 25/ 01.08.2023ന്റെ മറുപടി).

നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താതെ പ്രവർത്തനമില്ലാത്ത മഹിളാസമാജത്തിന് ടോയിലറ്റ് നിർമ്മിക്കാനായി 1,45,894 രൂപ ചെലവഴിച്ചത് ഉചിതമായ നടപടിയല്ല.

## 1-26 ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനിട്സ് പരിശോധിച്ചതിൽ, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ഡിസംബർ/ജനുവരി മാസം ഗ്രാമസഭ കൂടിയതിനുശേഷം ജൂൺ മാസത്തിലാണ് ഗ്രാമസഭ വീണ്ടും ചേർന്നിട്ടുള്ളത്. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമസഭ കൂടിയ തീയതികൾ | | | |
|---|---|---|---|---|
| 2 | 19-05-2022 | 08-08-2022 | 28-08-2022 | 30-12-2022 |
| 3 | 20-05-2022 | 08-08-2022 | 27-08-2022 | 04-01-2023 |
| 4 | 23-05-2022 | 10-08-2022 | 29-08-2022 | 29-12-2022 |
| 5 | 17-05-2022 | 06-08-2022 | 26-08-2022 | 03-01-2023 |
| 6 | 18-05-2022 | 10-08-2022 | 26-08-2022 | 03-01-2023 |
| 12 | 21-05-2022 | 08-08-2022 | 29-08-2022 | 27-12-2022 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 26/01.08.2023) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിധേയമായി സമയബന്ധിതമായി ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമസഭകളുടെ സംഘാടനത്തിൽ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 200000 | പാലിയേറ്റീവ് പരിചരണം | 200000 | 0 |
| | | 0 | 200000 | ലൈഫ് മിഷൻ പദ്ധതി മൂന്നാം ഘട്ടം - ഫിഷറീസ് വകുപ്പ് | **200000** | 0 |
| | | 0 | 1200000 | ലൈഫ് മിഷൻ പദ്ധതി രണ്ടാം ഘട്ടം - ജനറൽ | **1200000** | 0 |
| | | 0 | 540000 | ലൈഫ് മിഷൻ ഭവന പദ്ധതി - രണ്ടാം ഘട്ടം | **540000** | 0 |
| | | 0 | 154625 | സ്നേഹസ്പർശം | 154625 | 0 |
| | | 0 | 50000 | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 50000 | 0 |
| | | 0 | 300000 | അങ്കണവാടി പോഷകാഹാര വിതരണം | 300000 | 0 |
| | | 0 | 200000 | അങ്കണവാടിയ്ക്ക് ഭൂമി വാങ്ങൽ | 200000 | 0 |
| | | 0 | 250000 | ക്ഷീര സമൃദ്ധി | 250000 | 0 |
| | | 1214000 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ ( പകൽ വീട് അടിസ്ഥാന സൗകര്യം ഒരുക്കൽ) | 115530 | 1098470 |
| ആകെ | | 1214000 | 3094625 | | 3210155 | 1098470 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 7000 | ഹരിത ഭവനം | 7000 | 0 |
| | | 0 | **200000** | ലൈഫ് മിഷൻ പദ്ധതി രണ്ടാം ഘട്ടം - ജനറൽ | **200000** | 0 |

| | | | | | |
|---|---|---|---|---|---|
| | 0 | 240000 | ലൈഫ് 2020- ഭവന നിർമ്മാണം - ഫിഷറീസ് | 240000 | 0 |
| | 0 | 240000 | ലൈഫ് 2020- ഭവന നിർമ്മാണം - എസ്.സി | 240000 | 0 |
| | | **200000** | ലൈഫ് മിഷൻ പദ്ധതി രണ്ടാം ഘട്ടം - ജനറൽ | **200000** | |
| | 0 | 161750 | സ്നേഹസ്പർശം | 161750 | 0 |
| | 46138 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 46138 |
| ആകെ | 46138 | 1048750 | | 1048750 | 46138 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് ( I6 + Capital Contribution) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് +തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1214000 | 3094625 | 4308625 | 3210155 | 1098470 | 1098470 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 46138 | 1048750 | 1094888 | 1048750 | 46138 | 46138 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക ( വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 167/23 – ഫിഷർമെൻ കുടിവെള്ള പദ്ധതി ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 20723 | - | 20723 |
| കേരള വാട്ടർ അതോറിറ്റി | 161/23 – പൊതു ടാപ്പുകൾ ക്ലോസ് ചെയ്യുന്നതിന് KWA യ്ക്ക് തുക ഒടുക്കൽ | 314973 | - | 314973 |

| | | | | |
|---|---|---|---|---|
| | 169/23 – റാത്തിക്കൽ PHC സബ്സെന്ററർ വാട്ടർ കണക്ഷൻ - KWA ഡെപ്പോസിറ്റ് | 62615 | - | 62615 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | **2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്** | **2022-23 വർഷത്തെ നിക്ഷേപം** | **ആകെ** | **വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്** | **നീക്കിയിരിപ്പ്** | **2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 374179 | 20723 | 394902 | 374179 | 20723 | 20723 |
| കേരള വാട്ടർ അതോറിറ്റി | 623522 | 377588 | 1001040 | 623522 | 377518 | 377518 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 185000 | 0 | 185000 | 70575 | 114125 | 185000 |

അപാകം ഖണ്ഡിക 1-1-11 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 9126927 | 12770000 | 2202746 | 19978911 |

വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. അപാകം ഖണ്ഡിക 1-1-9 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

| FD നമ്പർ | തുക | പലിശ നിരക്ക് | നിക്ഷേപ തീയതി | മെച്യൂരിറ്റി തീയതി | ബാങ്ക് |
|---|---|---|---|---|---|
| 10293 * | 10,000 | 10% | 11.07.2012 | 11.07.2022 | സർവ്വീസ് സഹകരണ ബാങ്ക്, വെട്ടൂർ |
| 310134664 ** | 10386950 | 5.5% | 27.03.2023 | 27.09.2023 | കാനറ ബാങ്ക്, വർക്കല |

* സ്ഥിര നിക്ഷേപത്തിന്റെ മെച്യൂരിറ്റി തീയതി 11.07.2022 ആണ്. എന്നാൽ സ്ഥിരനിക്ഷേപം പുതുക്കി നിക്ഷേപിച്ചിട്ടില്ല.

പ്രസ്തുത സ്ഥിരനിക്ഷേപത്തിന്റെ പലിശ, എറ്റവും മികച്ച അങ്കണവാടി വർക്കർക്ക് നൽകുന്നതിന് ഒരു വ്യക്തി സെക്രട്ടറിയുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ളതും പലിശ തുക എല്ലാ വർഷവും ബാങ്കിൽ നിന്നും നേരിട്ട് അപ്രകാരം നല്കിവരികയുമാണ്. പ്രസ്തുത

സ്ഥിര നിക്ഷേപം പുതുക്കി നിക്ഷേപിച്ചാൽ പലിശനിരക്ക് കുറയുന്നതിനാലാണ് സ്ഥിര നിക്ഷേപം പുതുക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്.

** ജലജീവൻ പദ്ധതിയ്ക്കായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച തുക, നിലവിൽ ഉപയോഗിക്കാത്തതിനാൽ പഞ്ചായത്തിന് ആദായകരമാകത്തക്ക വിധം 6 മാസത്തേയ്ക്ക് സ്ഥിരനിക്ഷേപമാക്കി മാറ്റിയിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2008-09 | 3-5-1എ) | 2004-05 | SGRYകൺവീനറെ തെരഞ്ഞെടുത്തതിലെ ക്രമക്കേട് | ബഹു. കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നു. |
| | | 2005-06 | SGRYക്രമക്കേട് | |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 10486984 |
| ഓഡിറ്റ് വർഷത്തെ വരവ് | 56917374 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51929541 |
| നീക്കിയിരിപ്പ് | 15474817 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/176/2022 തീയതി14.10.2022 | 2 |
| 2006-07 | | 4 |
| 2007-08 | | 2 |
| 2008-09 | | 2 |
| 2011-12 | | 3 |
| 2012-13 | | 4 |
| 2013-14 | | 2 |
| 2014-15 | | 3 |
| 2015-16 | | 2 |
| 2016-17 | | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/444/2019 തീയതി 26.04.2019 | 26 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/196/2020 തീയതി 29.09.2021 | 34 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/1294/2021 തീയതി 28.09.2022 | 58 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.07/986/2022 തീയതി 03.10.2022 | 39 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.08/406/2023 തീയതി 25.03.2023 | 29 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 07-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vettoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vettoor Grama Panchayat for the year 2022-2023

**Date: 26/09/2023** **Deputy Director(H.G)**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Vettoor Grama Panchayat for the Year 2022-2023.

### 1.Major Observations

NIL

### 2.Other Observations

1) The financial ratios and notes to accounts are not submitted to audit.

2) Misclassification of Receipt voucher . ie The amount received as rent is wrongly booked in Auction Deposit head.

3) Depreciation not provided for certain fixed assets.

4) Amount used for asset creation using Central Finance Commission Performance grant account not transfered to Capital Contribution and treated as revenue income.

5) Central Finance Commission Grant liability amount shown as liability in Balance Sheet does not match with Bank

account opened for the same.

6) Details of accounts opened for vathilpadi sevanam and Distress Relief Fund are not included in Annual Financial Statement.

7) Income is booked over expenditure.

8) The valuation of stock and stores are not done at the end of the financial year and also not included in B-14 Stock in hand (inventories) schedule.

9) The amount of KURDFC loan repayment in sulekha expenditure statement not matches with that of Annual Financial statement.

10) The amount given for part bill for capital work is not included in Capital Work in Progress Schedule( B-11(b))

11) The amount given for deposit works is not regularised in advance head , after getting utilisation certificate.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്